**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് പദ്ധതി - പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം - നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് മാറ്റി വെയ്ക്കുന്നത് - സ്പഷ്ടീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ(സാധാ)നം.3967/2017/തസ്വഭവ തിരുവനന്തപുരം,തീയതി,11.12.2017.

---

വായന :- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ

5/11/2017 ലെ 3.12 നമ്പർ തീരുമാനം.

**ഉത്തരവ്**

വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ മുകളിൽ വായിച്ച തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ലൈഫ് പദ്ധതി പ്രകാരം പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണത്തിന് ഫണ്ട് തികയാതെ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷത്തേക്ക് മാത്രം പ്രസ്തുത ആവശ്യത്തിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ പരമാവധി 50 ശതമാനം തുക വരെ മാറ്റി വെയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു. എന്നാൽ ഇപ്പോൾ ലൈഫ് പദ്ധതിയ്ക്കായി മാറ്റിവെച്ചിരിക്കുന്ന വിഹിതം കുറവ് ചെയ്തിട്ട് പകരം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് തുക മാറ്റിവെയ്ക്കുന്നതിനോ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ അത്യാവശ്യ മെയിന്റനൻസിനോ, മരുന്നുവാങ്ങൽ, കറണ്ട് ചാർജ്ജ് അടയ്ക്കൽ തുടങ്ങിയ മുടക്കം കൂടാതെ നടത്തേണ്ട പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാവാനോ പാടില്ലാത്തതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ധനകാര്യ വകുപ്പ് ( 22.09.2017 ലെ DEV-3/224/2017-Fin നമ്പർ പ്രകാരം)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ